# കടക്കു പുറത്ത്

**ഓഖി മുന്നറിയിപ്പു CPM പൂഴ്ത്തി; CPI എന്ന വാഴയെ വെട്ടാൻ.**
**പൊലിഞ്ഞ ജീവിതങ്ങൾക്കു ഉത്തരവാദി പിണറായി സർക്കാർ മാത്രം.**

**ചാരുംമൂട് ജോസ്**

**ഓ**ഖി ദുരന്തം കേരളത്തെ മൊത്തമായി ബാധിച്ച മഹാദുരന്തമാണ്. കേരള സർക്കാരിന്റെ അനാസ്ഥ മൂലമാണ് ഇത്രയും അധികം മത്സ്യത്തൊഴിലാളികൾ നാടിന് നഷ്ടമായത്. നവംബർ 27, 28, 29 തീയതികളിൽ പല തവണകളായി ന്യൂനമർദ്ദം, ചുഴലിക്കാറ്റ്, ശക്തമായ മഴ ഇവയൊക്കെ ഉണ്ടാകുമെന്നും, കടലിൽ മത്സ്യത്തൊഴിലാളികൾ പോകരുത് എന്നും കേന്ദ്രസർക്കാർ ഏജൻസികൾ സംസ്ഥാനസർക്കാരുകൾക്ക് കൃത്യമായി മുന്നറിയിപ്പു നല്കിയ വിവരങ്ങൾ പുറത്തുവന്ന സാഹചര്യത്തിൽ കള്ളത്തരങ്ങൾ പടച്ചുവിടാൻ ഇനിയും പിണറായി സർക്കാരിനാവില്ല.

CPM, CPI, പോരുകൾ മൂർദ്ധന്യാവസ്ഥയിൽ എത്തിനിൽക്കുന്ന സാഹചര്യത്തിൽ CPI കൈകാര്യം ചെയ്യുന്ന റവന്യൂ ഡിപ്പാർട്ട്മെന്റിന്, മന്ത്രിക്കും പാർട്ടിക്കും കൊടുക്കാനുദ്ദേശിച്ച പണി പാളിയതു മൂലം പാവപ്പെട്ട കഠിനാദ്ധ്വാനം ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ നൂറുകണക്കിന് കുടുംബങ്ങളാണ് അനാഥരായിരിക്കുന്നത്.

നവംബർ 30-ന് എങ്കിലും മത്സ്യത്തൊഴിലാകളിൽ കടലിൽ പോകരുത് എന്നറിയിച്ചിരുന്നെങ്കിൽ അനേകം തൊഴിലാളികൾ ഇന്നും ജീവിച്ചിരുന്നേനേ!

അപകടം സംഭവിച്ചു 3 ദിവസം കഴിഞ്ഞിട്ടും മുഖ്യമന്ത്രിയോ, റവന്യൂമന്ത്രിയോ സ്ഥലം സന്ദർശിച്ചില്ല. ഡിസംബർ 3-ന് ഇരട്ടച്ചങ്കുമായി കടൽത്തീര വീട്ടുകാരെ സന്ദർശിക്കാനെത്തിയ മുഖ്യമന്ത്രിയെ ചങ്കുകീറി വിടുന്ന സ്ഥിതി വരെ എത്തിയേനെ. സെക്രട്ടറിയേറ്റിൽ നിന്നു പത്തു മിനിട്ടു യാത്ര ചെയ്തു സംഭവസ്ഥലത്തെത്താൻ 4 ദിവസം വേണ്ടിവന്നത് വലിയ വീഴ്ചയായി സ്വന്തക്കാർ നഷ്ടമായവർ ഒരിക്കലും ഇതു മറക്കില്ല. ഇരട്ടച്ചങ്കുമായി എത്ര ബുള്ളറ്റ് പ്രൂഫ് കാറുമായി യാത്ര ചെയ്താലും ഈ നരഹത്യക്ക് ഉത്തരവാദി പിണറായി സർക്കാർ തന്നെയാണ്. മരണപ്പെട്ടു കഴിഞ്ഞു കുറെ ഖജനാവിലെ കാശുവാരിക്കൊടുത്തു കൊണ്ടു നഷ്ടപ്പെട്ട ജീവനുകൾക്കു വിലയാവില്ലല്ലോ.

കള്ളത്തരവും, പൊള്ളത്തരവും കാണിച്ചല്ല ഉമ്മൻചാണ്ടിയും കോൺഗ്രസ്സു പാർട്ടിയും ഭരണത്തിലിരിക്കുമ്പോൾ സുനാമി സമയത്തു പ്രവർത്തിച്ചതെന്നു കേരള ജനത നന്ദിയോടെ എന്നും ഓർക്കും.

ദുരന്തമുണ്ടാകുമ്പോൾ പാർട്ടിമീറ്റിംഗുകളും, പോളിറ്റ്ബ്യൂറോകൾ നടത്താനും കോൺഗ്രസ്സ് നേതൃത്വം നൽകുന്ന മുന്നണി ശ്രമിക്കില്ല എന്നും കേരള ജനത തിരിച്ചറിഞ്ഞു.

നൂറുകണക്കിനു മത്സ്യത്തൊഴിലാളികളുടെ ജീവിതങ്ങൾക്കും, അനാഥരായ കുടുംബങ്ങളുടെയും, ഈ അവസ്ഥയ്ക്കു കാരണക്കാരായവർ പിണറായി സർക്കാരാണെന്ന് വസ്തുതകൾ പുറത്തുവന്ന സാഹചര്യത്തിൽ ഈ സർക്കാരിനു ഒരു ദിവസം പോലും അധികാരത്തിൽ തുടരാൻ അവകാശമില്ല. കടക്കു പുറത്തു എന്ന് ജനം പറയുന്നു. പെണ്ണും, മണ്ണും, ബന്ധു വിവാദവുമായി മൂന്നു മന്ത്രിക്കസേര ഒഴിഞ്ഞുകിടക്കുന്നു. എല്ലാം വെട്ടിപ്പിടിക്കാൻ CPM അൻവറിനും, ജോയ്സ് ജോർജ്ജിനും, എം.എം. മണി മന്ത്രിയും ഒത്താശ ചെയ്യുന്നു. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ കണ്ണീരൊപ്പാൻ എല്ലാം ശരിയാക്കാം എന്നു പറഞ്ഞു അധികാരത്തിലേറിയപ്പോൾ എല്ലാം മറന്നു ഇപ്പോൾ ജനങ്ങളുടെ ഇടയിലിറങ്ങാൻ ഇരട്ടച്ചങ്കന് ബുള്ളറ്റ് പ്രൂഫ് കാർ. തകരട്ടെ കമ്മ്യൂണിസം.

ജയ്ഹിന്ദ് – ചാരുംമൂട് ജോസ്